Fax : 0494-400269
✆ : 0494-400252
401144—47 (EPABX)
E-mail : reg@unical.ac.in

Calicut University. P.O.,
Pin : 673 635
KERALA (INDIA)

# കാലിക്കറ്റ് സർവ്വകലാശാല
## (ആസൂത്രണ വികസന വിഭാഗം)

1118/Engg.Div.S4-ASST-1/2014/CU　　　　തീയതി: 27 .04.2017

## ക്വട്ടേഷൻ നോട്ടീസ്

1. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഗസ്റ്റ് ഹൗസ്, യൂണിവേഴ്സിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഉപയോഗത്തിലിരിക്കുന്ന ബെഡ്ഷീറ്റ്, തലയിണ കവർ, മേശവിരി മുതലായവ അലക്കി, ഉണക്കി ഇസ്തിരി ചെയ്ത് നൽകുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.
2. നിശ്ചിത ഫോറം സർവ്വകലാശാല ഭരണ വിഭാഗത്തിലെ ആസൂത്രണ വികസന വിഭാഗം ഓഫീസിൽ നിന്നും 100 രൂപ (നൂറ് രൂപ മാത്രം) നിരക്കിൽ 02.05.2017 മുതൽ 17.05.2017 വരെ ലഭിക്കുന്നതാണ്.
3. ക്വട്ടേഷൻ 17/05/2017 വൈകുന്നേരം 4 മണിക്ക് മുമ്പായി സർവ്വകലാശാല ആസൂത്രണ വികസന വിഭാഗത്തിൽ ലഭിക്കേണ്ടതാണ്.
4. ഒട്ടിച്ച് സീൽ ചെയ്ത് ലഭിക്കുന്ന ക്വട്ടേഷനുകൾ 18.05.2017 വൈകുന്നേരം 3 മണിക്ക് സന്നിഹിതരായ ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

## നിബന്ധനകൾ

1. അലക്കാനുള്ള ഇനങ്ങൾ രസീതി കൊടുത്ത് ഗസ്റ്റ് ഹൗസ് മാനേജരിൽ നിന്നും വാങ്ങേണ്ടതും ആവശ്യമായ രേഖയോടെ തിരിച്ച് ഏൽപ്പിക്കേണ്ടതുമാണ്. തിരിച്ചേൽപിക്കാത്ത ഇനത്തിന്റെ വില കരാറുകാരനിൽ നിന്നും വസൂലാക്കുന്നതാണ്.
2. വെള്ള വസ്ത്രങ്ങൾക്ക് ശോഭ നൽകുന്ന നീലം ഉജാല മുതലായവ ഉപയോഗിക്കേണ്ടതാണ്.
3. ആവശ്യമാണെങ്കിൽ വസ്ത്രങ്ങൾക്ക് ഈടുനൽകുന്ന പദാർത്ഥങ്ങളും ഉപയോഗിക്കേണ്ടതാണ്.
4. കരാറിന്റെ കാലാവധി 2 വർഷത്തേക്കായിരിക്കും.
5. ശുചിത്വകാര്യങ്ങളിൽ സമയാസമയങ്ങളിൽ യൂണിവേഴ്സിറ്റി പുറപ്പെടുവിക്കുന്ന ഓർഡറുകൾ കരാറുകാരൻ പാലിക്കാൻ ബാധ്യസ്ഥനാണ്.
6. ആവശ്യമെന്നു കണ്ടാൽ ഒരു മാസത്തെ നോട്ടീസ് നൽകി കരാറിൽ നിന്നും ഇരു കക്ഷികൾക്കും പിൻവാങ്ങാവുന്നതാണ്.
7. ഈ ക്വട്ടേഷൻ സംബന്ധിച്ച ഏതപേക്ഷയും സ്വീകരിക്കുന്നതിനും കാരണം കാണിക്കാതെ ഏതപേക്ഷയും നിരസിക്കുന്നതിനും ഉള്ള അധികാരം രജിസ്ട്രാറിൽ നിക്ഷിപ്തമാണ്.
8. സർവ്വകലാശാലയിൽ നിലവിലുള്ള മറ്റ് ലേല നിബന്ധനകൾ ഈ ക്വട്ടേഷനും ബാധകമാണ്.
9. എന്തെങ്കിലും തർക്കങ്ങളോ, നിയമ വ്യവഹാരങ്ങളോ ഉള്ള പക്ഷം പരപ്പനങ്ങാടി കോടതിയിൽ വച്ചായിരിക്കുന്നതാണ്.

ഡെപ്യൂട്ടിരജിസ്ട്രാർ
ആസൂത്രണവികസനവിഭാഗം
(രജിസ്ട്രാർക്കുവേണ്ടി)